## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രച്ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2305**

**10.10.2011 ൽ മറുപടിയ്ക്ക്.**

## ആദിവാസി കോളനികളിലെ മഞ്ഞപ്പിത്ത രോഗം

| ചോദ്യം . | മറുപടി |
|---|---|
| ശ്രീ. ഐ.സി. ബാലകൃഷ്ണൻ | ശ്രീമതി പി കെ ജയലക്ഷ്മി<br>(പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ച ബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ ആദിവാസികോളനികളിൽ പടർന്ന മഞ്ഞപ്പിത്തരോഗം ബാധിച്ച ആദിവാസികൾക്ക് പട്ടികവർഗ്ഗ വികസനവകുപ്പ് ചികിത്സാ സഹായം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) തിരുവനന്തപുരം ജില്ലയിൽ മഞ്ഞപ്പിത്തം ബാധിച്ച ഒരു രോഗിക്കു സൗജന്യ ചികിത്സക്ക് പുറമെ സാമ്പത്തിക സഹായമായി 1000/- രൂപ നൽകിയിട്ടുണ്ട്. മഞ്ഞപ്പിത്ത രോഗം പടർന്നു പിടിക്കുന്നതായി പത്രമാധ്യമങ്ങളിൽ വാർത്ത വന്നതിനെ തുടർന്ന് മെഡിക്കൽ ക്യാമ്പുകൾ ജില്ലതലത്തിൽ സംഘടിപ്പിക്കുന്നതിന് പ്രോജക്ടാഫീസർമാർക്ക് നിർദ്ദേശം നൽകിയിരുന്നു. രോഗബാധിത കോളനികളിൽ പ്രോജക്ടാഫീസർ/പട്ടികവർഗ്ഗ വികസന ആഫീസർമാർ വഴി അടിയന്തിര സാമ്പത്തിക സഹായവും ഫുഡ് സപ്പോർട്ട് പ്രോഗ്രാമിൽ അവശ്യം ഭക്ഷണ സാധനങ്ങളും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കൊല്ലം ജില്ലയിലെ പട്ടിക വർഗ്ഗ കോളനികളിൽ മഞ്ഞപ്പിത്തം ബാധിച്ചതായി റിപ്പോർട്ട് ചെയ്യിട്ടില്ല. |
| (ബി) രോഗം തടയുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പിനോട് ചേർന്ന് ആരോഗ്യവകുപ്പ് നടപ്പാക്കിയ പ്രവർത്തനങ്ങൾ വ്യക്തമാക്കുമോ? | (ബി) ആരോഗ്യ വകുപ്പും പട്ടികവർഗ്ഗ വികസന വകുപ്പും സംയുക്തമായി താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തി വരുന്നു.<br>പകർച്ചവ്യാധികൾ പടർന്നു പിടിക്കുന്നതു തടയാൻ എല്ലാ പട്ടിക വർഗ്ഗ കോളനികളിലും, വകുപ്പിന്റെ കീഴിലുള്ള മൊബൈൽ മെഡിക്കൽ യൂണിറ്റ്, ആരോഗ്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള പബ്ലിക്ക് ഹെൽത്ത് സെന്റർ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, തുടങ്ങിയവയുടെ സഹകരണത്തോടെ |

| | |
|---|---|
| | മെഡിക്കൽ ക്യാമ്പുകൾ എന്നിവ നടത്തി വരുന്നു. കൂടാതെ, പകർച്ചവ്യാധികൾ പടർന്നു പിടിക്കുന്നത് തടയാൻ കോളനികളിൽ എസ്.റ്റി. പ്രൊമോട്ടാർമാരുടെ സഹായത്തോടെ ബന്ധപ്പെട്ട ട്രൈബൽ എക്സ്റ്റൻഷൻ ഓഫിസർമാർ സന്ദർശനം നടത്തുകയും രോഗികളായി ട്ടുള്ളവർക്ക് അടിയന്തിര വൈദ്യസഹായം നൽകുന്നതിനു നടപടി സ്വീകരിക്കുകയും ചെയ്തുവരുന്നു. രോഗികളായ കുടുംബങ്ങളിൽ ഫുഡ് സപ്പോർട്ട് പ്രോഗ്രാം പ്രകാരം ഭക്ഷണ സാധനങ്ങൾ എത്തിക്കുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്. കോളനികൾ അണുവിമുക്തമാക്കുന്നതിന് ക്ലോറിനേഷനും മറ്റ് പ്രതിരോധ നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഇക്കാര്യത്തിലുള്ള പ്രവർത്തനങ്ങൾ പട്ടിക വർഗ്ഗ വികസന വകുപ്പു ഡയറക്ടർ അവലോകനം ചെയ്തുവരുന്നുണ്ട്.. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ